"ഭരണഭാഷ-മാതൃഭാഷ"


വനിതാ-ശിശു വികസന വകുപ്പ്

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,

പൂജപ്പുര,തിരുവനന്തപുരം

തീയതി : 10-01-2025

E-Mail:directorate.wcd@kerala.gov.in

Phone No.0471–2346534


**സർക്കുലർ**

വിഷയം: വനിത ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടികളിൽ CHILD FRIENDLY AUDIT നടപ്പിലാക്കുന്നത് സംബന്ധിച്ച്

പരാമർശം : 1 ഈ കാര്യാലയത്തിൽ നിന്നുള്ള 22-04-2024 തീയതിയിലെ DWCD/2114/2024-ICDSB5നമ്പർ ഉത്തരവ്

2 ഈ കാര്യാലയത്തിൽ നിന്നുള്ള 30 -12-2024 തീയതിയിലെ DWCD/2114/2024-ICDSB5നമ്പർ ഉത്തരവ്

3 27-12-2024 തീയതിയിലെ സ .ഉ (സാധാ )നം.469/2024-WCDD നമ്പർ ഉത്തരവ്

കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം മെച്ചപ്പെടുത്തുന്നതിനും സമഗ്ര വികാസം ഉറപ്പ വരുത്തുന്നതിനുമുള്ള കേന്ദ്രങ്ങളായ അങ്കണവാടികൾ കുഞ്ഞുങ്ങളുടെ സ്വഭാവ രൂപീകരണം, മെച്ചപ്പെട്ട പ്രീ -സ്കൂൾ വിദ്യാഭ്യാസം , എന്നിവയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട് . കുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം അങ്കണവാടികളിൽ ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിട്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും, കുട്ടികളുടെ സുരക്ഷ ഉറപ്പ വരുത്തുന്നതും സംബന്ധിച്ച് ഈ കാര്യാലയത്തിൽ നിന്നും പരാമർശം 1, 2 പ്രകാരം പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പരിപത്ര പ്രകാരം കുട്ടികളുടെ സുരക്ഷ ഉറപ്പ വരുത്തുന്നതിനായി ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിനും അങ്കണവാടികളിലെ ഭൗതിക സാഹചര്യം ഒരുക്കുമ്പോൾ കുട്ടികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് ബന്ധപ്പെട്ട ജീവനക്കാർ ഉറപ്പ വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് പൂർണ സുരക്ഷിതത്വം ഒരുക്കണം എന്ന ലക്ഷ്യത്തോടെ , സുരക്ഷയ്ക്ക് പ്രതികൂലമായ സാഹചര്യം അങ്കണവാടികളിൽ ഉണ്ടോ എന്നത് സംബന്ധിച്ച വിവരം ഒരു ചോദ്യാവലിയിലൂടെ ശേഖരിച്ച , ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പ്രവർത്തികളിലൂടെ പോരായ്മകൾ പരിഹരിക്കുന്നതിനായി പരാമർശം 3 പ്രകാരം അങ്കണവാടി CHILD FRIENDLY AUDIT (സേഫ്റ്റി ഓഡിറ്റ്) നടത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ 33120 അങ്കണവാടികളിലും CHILD FRIENDLY AUDIT നടപ്പിലാക്കേണ്ടതും ആയത് കൃത്യമായ ഇടവേളകളിൽ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിൻ്റെ സഹകരണത്തോടെ അങ്കണവാടി ഭൗതിക സാഹചര്യം സംബന്ധിച്ച് ഓഡിറ്റ് തദ്ദേശ സ്വയംഭരണ വകുപ്പും (എഞ്ചിനീയറിംഗ് വിഭാഗം) കുട്ടികളുടെ സുരക്ഷ (നോൺ- എഞ്ചിനീയറിംഗ് വിഭാഗം) സംബന്ധിച്ച് ഓഡിറ്റ് വനിത ശിശു വികസന വകുപ്പും നിർവഹിക്കുന്ന വിധത്തിലാണ് ചോദ്യാവലി തയ്യാറാക്കിയിട്ടുള്ളത്. ടി സാഹചര്യത്തിൽ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് സംസ്ഥാനത്തെ 33120 അങ്കണവാടികളിലും CHILD FRIENDLY ഓഡിറ്റ് നടപ്പിലാക്കി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

- അങ്കണവാടി കെട്ടിടങ്ങളുടെയും കുട്ടികളുടെയും സുരക്ഷ മാനദണ്ഡങ്ങൾ സംബന്ധിച്ച് ഇതോടൊപ്പം 2 ഗൂഗിൾ ഫോമുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

  1. കെട്ടിടങ്ങളുടെ സുരക്ഷ - Proforma for Engineers &
  2. **കുട്ടികളുടെ സുരക്ഷ - Proforma for WCD**

- **കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് ഉള്ളടക്കം ചെയ്തിട്ടുള്ള പ്രോഫോർമ 2 ഗൂഗിൾ ഫോമം മുഖേന വിവര ശേഖരണം നടത്തേണ്ടതാണ് .**
- സൂപ്പർവൈസർ ഓരോ അങ്കണവാടിയും നേരിട്ട് സന്ദർശിച്ച് സമയ ബന്ധിതമായി അങ്കണവാടികളുടെ data എൻട്രി പൂർത്തീകരിക്കേണ്ടതാണ്.
- പ്രസ്തുത ഗൂഗിൾ ഫോം മുഖേന ഓരോ അങ്കണവാടിയിലെയും വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.
- ഗൂഗിൾ ഫോമിനോപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രോഫോർമയിൽ ചേർത്തിട്ടുള്ള 11 (പതിനൊന്ന്) അക്ക കോഡും അങ്കണവാടിയുടെ പേരും കൃത്യമായി സൂപ്പർവൈസർ രേഖപ്പെടുത്തേണ്ടതാണ് .
- ഓഡിറ്റ് നടത്തി കണ്ടെത്തുന്ന ന്യൂനതകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ALMSC യുടെയും ശ്രദ്ധയിൽ കൊണ്ട് വന്ന് അവരുടെ പങ്കാളിത്തത്തോടെ പരിഹരിക്കേണ്ടതാണ്.
- അങ്കണവാടി CHILD FRIENDLY ഓഡിറ്റ് സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതും സൂപ്പർവൈസർമാർ ആയതിന്റെ റിപ്പോർട്ട് CDPO യ്ക്ക് 2025 ഫെബ്രുവരി 20 നകം നൽകേണ്ടതാണ് .
- പ്രോഫോർമയിൽ രേഖപെടുത്തിയിട്ടുള്ള വിവര ശേഖരണം ശരിയാണെന്നുള്ള സാക്ഷ്യപത്രം supervisor മാർ CDPO യ്ക്ക് സമർപ്പിക്കേണ്ടതാണ് .
- CDPO മാർ പ്രോജക്റ്റിലെ 20% അങ്കണവാടികളിൽ Randomly സൂപ്പർ ചെക്ക് നടത്തേണ്ടതും കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.
- സുരക്ഷാ ഓഡിറ്റിലൂടെ കണ്ടെത്തുന്ന പോരായ്മകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും, വിവിധ വകുപ്പുകളുടെ ഏകോപനത്തോട് കൂടി പരിഹരിക്കുന്നതിനുള്ള നടപടികൾ CDPO മാർ സ്വീകരിക്കേണ്ടതാണ് .
- CDPO മാർ പ്രൊജെക്റ്റ് തലവിവരങ്ങൾ ക്രോഡീകരിച്ച റിപ്പോർട്ട് , CHILD FRIENDLY ഓഡിറ്റിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി സഹിതം PO മാർക്ക് 2025 ഫെബ്രുവരി 28 നുള്ളിൽ റിപോർട്ട് ചെയ്യേണ്ടതാണ് .
- ജില്ലയിലെ എല്ലാ അങ്കണവാടികളിലും CHILD FRIENDLY ഓഡിറ്റ് നടത്തിയിട്ടുണ്ടെന്ന് പ്രോഗ്രാം

ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

- പ്രോഗ്രാം ഓഫീസർമാർ ജില്ലയിലെ 5% അങ്കണവാടികൾ സൂപ്പർ ചെക്ക് ചെയ്യേണ്ടതും ഓഡിറ്റിന്റെ കൃത്യത ഉറപ്പ വരുത്തേണ്ടതുമാണ്
- പ്രോഗ്രാം ഓഫീസർമാർ ജില്ലാ തല പ്രതിമാസ അവലോകന യോഗത്തിൽ അങ്കണവാടി CHILD FRIENDLY ഓഡിറ്റ് ഒരു പ്രധാന അജണ്ട ആയി ഉൾപ്പെടുത്തേണ്ടതും പുരോഗതി വിലയിരുത്തുകയും റിപ്പോർട്ട് ജില്ലാ ഓഫീസർക്ക് നൽകേണ്ടതുമാണ് .
- ജില്ലകളിൽ CHILD FRIENDLY ഓഡിറ്റ് പൂർത്തീകരിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു ജില്ലാ വനിതാ ശിശു വികസന ഓഫീസർ ഉറപ്പ വരുത്തേണ്ടതാണ്.
- ഓഡിറ്റിൽ കണ്ടെത്തലുകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ DDC, DPC യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതും വിവിധ വകുപ്പുകളുടെ ഏകോപനത്തോട് കൂടി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ് .
- ആറു മാസത്തിലൊരിക്കൽ CHILD FRIENDLY ഓഡിറ്റ് അപ്ഡേറ്റ് ചെയ്യേണ്ടതും പുരോഗതി വിലയിരുത്തി നടപടി സ്വീകരിക്കേണ്ടതുമാണ്.
- ജില്ല തലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ ഡോക്യുമെൻറ് ചെയ്ത് കാര്യാലയത്തിൽ സൂക്ഷിക്കേ+ണ്ടതും പകർപ്പ് ഈ കാര്യാലയത്തിൽ മാർച്ച് 10നകം wcdicdsb5@gmail.com എന്ന ഇ -മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതുമാണ് .

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും ,
പ്രോഗ്രാം ഓഫീസർമാർക്കും
ശിശു വികസന പദ്ധതി ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം
(~~സൂപ്രണ്ട്~~ )
Gyrikumar

## <u>അങ്കണവാടി സുരക്ഷ ഓഡിറ്റ്- കുട്ടികളുടെ സുരക്ഷ- പ്രോഫോർമ 1</u>

| ക്രമ നമ്പർ | ചോദ്യാവലി – സുരക്ഷ ഓഡിറ്റ് | അതെ | അല്ല |
|---|---|---|---|
| 1 | 1. <u>അങ്കണവാടി കെട്ടിടം:</u><br>2. കെട്ടിടം അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമാണോ? | | |
| 2 | 3. <u>അങ്കണവാടി കെട്ടിടം :</u><br>4. കെട്ടിടം തീപിടിക്കുന്നതും വിഷാംശമുള്ളതുമായ വസ്തുക്കളിൽ നിന്ന് മുക്തമാണോ ?<br>5. (മണ്ണെണ്ണ ,പെയിന്റ് മറ്റേതെങ്കിലും രാസവസ്തുക്കൾ ഇല്ല എന്ന് ഉറപ്പാക്കുക ) | | |
| 3 | 6. <u>അങ്കണവാടി കെട്ടിടം :</u><br>7. ഭൗതിക സാഹചര്യങ്ങൾ ശിശു സൗഹൃദമാണോ ? (ഉപയോഗ ശൂന്യമായ<br>8. ഫർണ്ണീച്ചർ ഇല്ലെന്നു ഉറപ്പ് വരുത്തുക , ജനലുകൾ പെട്ടെന്ന് അടയാതെ<br>9. ഇരിക്കാൻ സ്റ്റോപ്പർ വച്ചിട്ടുണ്ടോ എന്ന് ഉറപ്പ വരുത്തുക മുതലായവ ) | | |
| 4 | 10. <u>അങ്കണവാടി കെട്ടിടം :</u><br>11. അങ്കണവാടി കെട്ടിടത്തിന്റെ ഭിത്തി, മേൽക്കൂര എന്നിവയിൽ ഉപദ്രവകാരികളായ ചെള്ള് , കരിച്ച എന്നിവ പോലുള്ള ജീവികൾ<br>12. ഇരിക്കാൻ കഴിയുന്ന വിള്ളലുകൾ ഉണ്ടോ? | | |
| 5 | 13. <u>അങ്കണവാടി കെട്ടിടം :</u><br>14. കെട്ടിടത്തിനുള്ളിൽ കുട്ടികളുടെ സഞ്ചാരത്തിന് വിഘാതമാകുന്ന<br>15. രീതിയിൽ കട്ടള സെപ്പെറേഷൻ ഉണ്ടോ ? | | |
| 6 | 16. <u>അങ്കണവാടി കെട്ടിടം :</u><br>17. പ്രത്യേക അടുക്കള സ്റ്റോർ റൂം എന്നിവ ഉണ്ടോ? | | |
| 7 | <u>അങ്കണവാടി കെട്ടിടം : </u>7<br><br>അങ്കണവാടിയുടെ മുകൾഭാഗം/ ടെറസ്സ് എല്ലായിടവും ഒരേ തറ നിരപ്പാണ ോ? മഴ പെയ്യുമ്പോൾ വെള്ളം കെട്ടിനിൽക്കാറുണ്ടോ ,പായൽപ്പടലങ്ങൾ ഉണ്ടാകാറുണ്ടോ? | | |
| 8 | <u>അങ്കണവാടി കെട്ടിടം : </u> .<br><br>അങ്കണവാടിയിൽ കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനുപയോഗിക്കുന്ന പ്ലേറ ്റ്, ഗ്ലാസ് ,സ്പൂൺ എന്നിവയുടെ അരികുകൾ കുട്ടികൾക്ക് വായില ോ കൈയിലോ മുറിവുകൾ ഉണ്ടാകുന്ന തരത്തിലുള്ളതാണോ ? | | |
| 9 | <u>അങ്കണവാടി കെട്ടിടം :</u><br><br>അങ്കണവാടിയിൽ expiry date കഴിഞ്ഞ ഭക്ഷ്യ വസ്തുക്കൾ സൂക്ഷിച്ചിട്ടുണ്ട ോ? | | |

| | | | |
|---|---|---|---|
| 10 | <u>അങ്കണവാടി കെട്ടിടം :</u> .കത്തി, ചിരവ എന്നിവ കുട്ടികൾക്ക് എടുക്കാൻ<br>പാകത്തിൽ സൂക്ഷിച്ചിട്ടുണ്ടോ ? | | |
| 11 | <u>അങ്കണവാടി കെട്ടിടം :</u><br>Lotion, Sanitizer, എന്നിവ കുട്ടികൾക്ക് കൈ എത്തുന്ന സ്ഥലത്ത് സൂക്ഷിച്ചിട്ടുണ്ടോ? ഷെൽഫുകളിൽ കുട്ടികൾക്ക് എടുക്കാവുന്ന തരത്തിൽ ഭാരമുള്ള വസ്തുക്കൾ (Weighing scale, register കൾ etc) എന്നിവ സൂക്ഷിച്ചിട്ടുണ്ടോ? | | |
| 12 | <u>അങ്കണവാടി കെട്ടിടം :</u><br>18. അങ്കണവാടിയിലെ അടുക്കളയുടെ സ്ലാബ്/അലമാര എന്നിവയുടെ മുകളിൽ കുട്ടികൾക്ക് കയറുന്നതിനുള്ള സാധ്യതയുണ്ടോ ? | | |
| 13 | <u>അങ്കണവാടി കെട്ടിടം :</u><br>അങ്കണവാടിയിലെ അലമാര മേശ /പൂട്ടി സൂക്ഷിക്കാറുണ്ടോ? | | |
| 14 | <u>അങ്കണവാടി കെട്ടിടം :</u><br>പഴയ വസ്തുക്കൾ , പഴയ കളി ഉപകരണങ്ങൾ, രജിസ്റ്ററുകൾ എന്നിവ അങ്കണവാടിയിലെ അടുക്കളയുടെ സ്ലാബ്/അലമാരയുടെ മുകളിൽ സൂക്ഷിച്ചിട്ടുണ്ടോ? | | |
| 15 | <u>അങ്കണവാടി കെട്ടിടം :</u><br>അങ്കണവാടിയിൽ ഉപയോഗിക്കുന്ന ചൂല്, മോപ്പ് , എന്നിവ് കുട്ടികൾക്ക് എടുക്കാൻ കഴിയാത്ത രീതിയിലാണോസൂക്ഷിക്കുന്നത്? | | |
| 16 | <u>അങ്കണവാടി കെട്ടിടം :</u><br>അങ്കണവാടിയിലെ അലമാര മേശ തുടങ്ങിയവ കൊളുത്തുകൾ ഉപയോഗിച്ച് സുരക്ഷിതമായി ഉറപ്പിച്ചിട്ടുണ്ടോ? | | |
| 17 | 1. <u>ചുറ്റമതിൽ :</u><br>2. ചുറ്റമതിലിന് ബലക്ഷയമുണ്ടോ ? | | |
| 18 | 1. <u>ക്ലാസ്സ് റൂം:</u><br>2. കുട്ടികളുടെ പ്രീസ്കൂൾ പഠന മുറിയിൽ കുട്ടികളുടെ യഥേഷ്ടമായ സഞ്ചാരത്തിന് വിഘാതമാകുന്ന രീതിയിൽ മേശ, കസേരകൾ, ഷെൽഫ് , അരിപ്പെട്ടി മറ്റ് വസ്തുക്കൾ എന്നിവ സൂക്ഷിച്ചിട്ടുണ്ടോ? | | |
| 19 | 3. <u>ക്ലാസ്സ് റൂം:</u><br>4. അങ്കണവാടി പ്രീസ്കൂൾ പഠന മുറിയിൽ കുട്ടികൾക്ക് അപകടമുണ്ടാകുന്ന തരത്തിൽ മൂർച്ചയേറിയ വസ്തുക്കൾ സൂക്ഷിച്ചിട്ടുണ്ടോ? | | |
| 20 | 5. <u>ക്ലാസ്സ് റൂം:</u><br>6. ക്ലാസ്സ് മുറിയിൽ അപകടകരമായ രാസവസ്തുക്കൾ വസ്തുക്കൾ | | |

| | | | |
|---|---|---|---|
| | 7. ഇല്ലായെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ? | | |
| 21 | 8. ക്ലാസ്സ് റൂം:<br>9. ശരിയായ ശുചിത്വം പാലിക്കുന്നുണ്ടോ ? | | |
| 22 | 10. ക്ലാസ്സ് റൂം:<br>11. എല്ലാഫർണിച്ചറുകളുംസുരക്ഷിതമാണോ? | | |
| 23 | 12. ക്ലാസ്സ് റൂം:<br>13. Fire Extinguisher ലഭ്യത ഉറപ്പ വരുത്തിയിട്ടുണ്ടോ ? | | |
| 24 | 14. ക്ലാസ്സ് റൂം:<br>First aid kit ഉണ്ടോ ? | | |
| 25 | അടുക്കള :<br>കുട്ടികളുടെ കൈകാലുകൾ ,തല എന്നിവ കുടുങ്ങാൻ പാകത്തിലുള്ള പാത്ര ങ്ങളോവസ്തുക്കളോ കുട്ടികളുടെ കയ്യെത്തും ദൂരത്തുണ്ടോ ? | | |
| 26 | 1. അടുക്കള :<br>2. അടുക്കളയും ക്ലാസ്സ് റൂമും തമ്മിൽ ശരിയായ അകലം പാലിച്ചിട്ടുണ്ടോ ? | | |
| 27 | 3. അടുക്കള :<br>4. ശരിയായ ശുചിത്വം പാലിക്കുന്നുണ്ടോ ? | | |
| 28 | 5. അടുക്കള :<br>6. അപകടകരമായ വസ്തുക്കൾ ഇല്ലായെന്ന് ഉറപ്പാക്കിയിട്ടുണ്ടോ ? | | |
| 29 | 7. അടുക്കള :<br>8. മാലിന്യ നിർമാർജന സൌകര്യങ്ങൾ ഉണ്ടോ ? | | |
| 30 | 9. അടുക്കള :<br>10. ഗ്യാസ് അടുപ്പ്, ഗ്യാസ് ട്യൂബ് എന്നിവ കൃത്യമായ ഇടവേളകളിൽ സർവ്വീസ് ചെയ്യാറുണ്ടോ? | | |
| 31 | 11. അടുക്കള :<br>12. ഗ്യാസ് അടുപ്പ് കുട്ടികൾക്ക് എത്തിപ്പിടിക്കാൻ പറ്റാത്ത രീതിയൽ<br>13. സജ്ജീകരിച്ചിട്ടുണ്ടോ? | | |
| 32 | 14. അടുക്കള :<br>15. പാകം ചെയ്യാത്ത അവസരങ്ങളിൽ ഗ്യാസ് സിലിണ്ടർ ഓഫ്<br>16. ചെയ്യാറുണ്ടോ ? | | |
| 33 | 17. അടുക്കള :<br>18. ഗ്യാസ് ട്യൂബ് റഗുലേറ്റർ , അടുപ്പ് എന്നിവ അപകട സാധ്യത ഉള്ളതാണോ? | | |
| 34 | 19. അടുക്കള :<br>20. സുരക്ഷിതമായ പ്രഷർ കുക്കർ ആണോ ഉപയോഗിക്കുന്നത്? | | |
| 35 | STAIR CASE: കുട്ടികൾക്ക് കയറാൻ കഴിയാത്ത് രീതിയിൽ stair case ന് ഗ്രിൽ ഉണ്ടോ? | | |

| | | | |
|---|---|---|---|
| 36 | STAIR CASE:<br><br>stair case ന്കൈവരി ഉണ്ടോ | | |
| 37 | STAIR CASE:<br><br>മുകളിലത്തെ നിലയിൽ pre-school പഠനത്തിനായോ മറ്റ ആവശ്യങ്ങൾക്ക ായോ കുട്ടികളെ കൊണ്ടുപോകാറുണ്ടോ? | | |
| 38 | 1. ടോയിലറ്റ് :<br>2. Baby friendly toilet ആണോ? | | |
| 39 | ടോയിലറ്റ് :<br><br>Closet കുട്ടികൾക്ക് ഉപയോഗിക്കാൻ പാകത്തിന് തരത്തിലുള്ള താണോ? | | |
| 40 | 3. ടോയിലറ്റ് :<br>4. Adult user toilet ആണെങ്കിൽ ,അവയിൽപ്പെട്ട് കുട്ടികൾക്ക് അപകടം ഉണ്ടാവാതിരിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കാറുണ്ടോ? | | |
| 41 | ടോയിലറ്റ് :<br><br>ശുചിത്വ പരിപാലനത്തിനുള്ള സോപ്പ്/ടവ്വൽ എന്നിവ കുട്ടികൾക്ക് എടുക്കാ ൻ തരത്തിലുള്ളതാണോ? | | |
| 42 | 5. ടോയിലറ്റ് :<br>6. Toilet ന് പുറത്തേയ്ക്ക് കുട്ടികൾ ഇറങ്ങുമ്പോൾ ചവിട്ടി ഇട്ടിട്ടുണ്ടോ ? | | |
| 43 | അങ്കണവാടി പരിസരം :<br><br>എല്ലാ ദിവസവും പരിസരം വൃത്തിയാക്കി സൂക്ഷിക്കാറുണ്ടോ? | | |
| 44 | 1. അങ്കണവാടി പരിസരം :<br>2. മുറ്റം ടൈൽ /സിമന്റ്/ഇന്റർലോക്ക് ചെയ്തതാണോ ? | | |
| 45 | 3. അങ്കണവാടി പരിസരം :<br>4. ആണെങ്കിൽ ടൈലിൽ വഴുക്കൽ /പായൽ ഉണ്ടോ? | | |
| 46 | 5. അങ്കണവാടി പരിസരം :<br>6. അങ്കണവാടി പരിസരത്ത് പഴയ സാധനങ്ങൾ , ആസ്ബറ്റോസ് ഷീറ്റ്<br>7. പഴയകെട്ടിട നിർമ്മാണ സാധനങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുണ്ടോ? | | |
| 47 | 8. അങ്കണവാടി പരിസരം :<br>9. ഇഴജന്തുക്കൾക്ക് കയറാൻ പറ്റാത്ത വിധത്തിലാണോ കുട്ടികളുടെ<br>10. ചെരുപ്പ്/shoes എന്നിവ സൂക്ഷിക്കുന്നത് ? | | |
| 48 | അങ്കണവാടി പരിസരം :<br><br>അങ്കണവാടി പരിസരത്ത് ഉപയോഗശൂന്യമായ /തുരുമ്പ് പിടിച്ച കളി | | |

| | | | |
|---|---|---|---|
| | ഉപകരണങ്ങൾ ഉണ്ടോ? | | |
| 49 | 7. <u>അങ്കണവാടി പരിസരം :</u><br>8. അങ്കണവാടി പരിസരത്ത് കിണർ ഉണ്ടോ?<br>9. _ | | |
| 50 | 10. <u>അങ്കണവാടി പരിസരം :</u><br>11. കിണറിന്റെ മോട്ടർ കുട്ടികൾക്ക് കൈ എത്താത്ത രീതിയിൽ സുരക്ഷിതമായിട്ടാണോ സൂക്ഷിച്ചിരിക്കുന്നത്?<br>12. _ | | |
| 51 | 13.<br><u>അങ്കണവാടി പരിസരം :</u><br>14. മാലിന്യ നിർമ്മാർജ്ജന സൌകര്യം ഉണ്ടോ? | | |
| 52 | <u>വൈദ്യുത സംവിധാനം :</u><br>അങ്കണവാടിയിൽ Electrification വർക്കുകൾക്ക് manintenance ആവശ്യമുണ്ടോ ? | | |
| 53 | 1. <u>വൈദ്യുത സംവിധാനം :</u> Electric wiring - ൽ Dripping System ഉണ്ടോ? (ഇടിമിന്നൽ ഉണ്ടാകുന്ന സമയത്ത്) | | |
| 54 | <u>വൈദ്യുത സംവിധാനം :</u><br>അങ്കണവാടികളിൽ കുട്ടികൾക്ക് കൈ എത്തുന്ന ഭാഗത്ത് സ്വിച്ച്/ സ്വിച്ച് ബോർഡ്/പ്ലഗ് പോയിന്റ് വൈദ്യുതവയറുകൾഎന്നിവയുണ്ടോ? | | |
| 55 | 2. <u>വൈദ്യുത സംവിധാനം :</u><br>3. ഇലക്ട്രിക് ഉപകരണങ്ങൾ കുട്ടികൾക്ക് കൈ എത്തുന്ന തരത്തിൽ<br>4. ഉള്ളതാണോ? എല്ലാ വൈദ്യുത സംവിധാനങ്ങളും ഇടയ്ക്കിടെ പരിശോധിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ? | | |
| 56 | 5. <u>വൈദ്യുത സംവിധാനം :</u><br>6. ഇലക്ട്രിക് വയറിംഗും പ്ലഗ് പോയിന്റുകളും സുരക്ഷിതമാണോ? | | |
| 57 | കുട്ടികൾക്ക് സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ലഭ്യമാക്കുന്നുണ്ടോ ? | | |
| 58 | <u>കുടിവെള്ളം :</u><br>കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളമാണോ നൽകുന്നത്? | | |
| 59 | 1. <u>കുടിവെള്ളം :</u><br>2. ജലത്തിന്റെ സുരക്ഷ/ഗുണനിലവാരം പരിശോധിക്കുന്നുണ്ടോ ? | | |
| 60 | 3. <u>കുടിവെള്ളം :</u><br>4. .കുടിവെള്ളം സൂക്ഷിക്കുന്ന പാത്രങ്ങൾ /ടാങ്കുകൾ വൃത്തിയായി | | |

| | | | |
|---|---|---|---|
| | സൂക്ഷിക്കുന്നുണ്ടോ ? | | |
| 61 | 5. <u>കുടിവെള്ളം :</u><br>6. .കിണർവെള്ളം Lab test ചെയ്ത് purity certificate ലഭ്യമാക്കിയിട്ടുണ്ടോ | | |
| 62 | <u>അങ്കണവാടി കെട്ടിടത്തിനു പുറത്തെ സാഹചര്യങ്ങൾ :</u><br>അങ്കണവാടിയുടെ സമീപത്ത് കുളം തോട്, കനാൽ, അരുവി, വെള്ളക്കെട്ട്, എന്നിവ ഉണ്ടെങ്കിൽ ഇവയ്ക്ക് സംരക്ഷണഭിത്തി ഉണ്ടോ? | | |
| 63 | <u>അങ്കണവാടി കെട്ടിടത്തിനു പുറത്തെ സാഹചര്യങ്ങൾ :</u><br>അങ്കണവാടി പരിസരത്ത് കാട് പിടിച്ച് കിടക്കുന്ന Open space, ഉപയോഗശൂന്യമായ കെട്ടിടങ്ങൾ എന്നിവ ഉണ്ടോ? | | |
| 64 | <u>അങ്കണവാടി കെട്ടിടത്തിനു പുറത്തെ സാഹചര്യങ്ങൾ :</u><br>വന്യജീവി/ തെരുവ് പട്ടികൾ എന്നിവയുടെ ആക്രമണം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലമാണോ | | |
| 65 | <u>മറ്റു സംവിധാനങ്ങൾ :</u><br>കുട്ടികളെ അങ്കണവാടികളിൽ എത്തിക്കുന്നതും ,തിരിച്ച് കൊണ്ട് പോകുന്നതും രക്ഷാകർത്താക്കളാണോ? | | |
| 66 | <u>മറ്റു സംവിധാനങ്ങൾ :.</u><br>അപരിചിതരായ ആൾക്കാർക്കൊപ്പം കുട്ടികളെ അയക്കാറുണ്ടോ? | | |
| 67 | 1.<br>2.<br>3. <u>മറ്റു സംവിധാനങ്ങൾ :</u><br>4. രക്ഷകർത്താക്കൾക്ക് അസൗകര്യം ഉള്ള സന്ദർഭങ്ങളിൽ മാത്രം അവർ<br>5. നിയോഗിക്കുന്ന ആൾക്കാർക്കൊപ്പം കുട്ടികളെ<br>6. അയക്കാറുണ്ടോ? | | |
| 68 | 7. <u>മറ്റു സംവിധാനങ്ങൾ :</u><br>8. അങ്ങനെ അയക്കുന്ന സന്ദർഭങ്ങളിൽ കുട്ടികൾ കൃത്യ സമയത്ത്<br>9. വീട്ടിൽ എത്തി എന്ന് അന്വേഷിച്ച് ഉറപ്പാക്കാറുണ്ടോ? | | |
| 69 | 10. <u>മറ്റു സംവിധാനങ്ങൾ :</u><br>11. അങ്കണവാടികളിൽ അന്യരെ പ്രവേശിപ്പിക്കാറുണ്ടോ? | | |
| 70 | 12.<br>13. <u>മറ്റു സംവിധാനങ്ങൾ :.</u> | | |

| | | | |
|---|---|---|---|
| | കുട്ടികൾ വിലപ്പിടിപ്പുള്ള ആഭരണങ്ങൾ അണിയാൻ പാടില്ല എന്നും ,വിലപ്പിടിപ്പുള്ള സാധനങ്ങൾ അങ്കണവാടികളിൽ കൊണ്ട് വാരാൻ പാടില്ല എന്നത് സംബന്ധിച്ച് രക്ഷകർത്താക്കൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ? | | |
| 71 | <u>മറ്റു സംവിധാനങ്ങൾ :</u><br>കുട്ടികൾക്ക് അങ്കണവാടിയിൽ വന്നതിനു ശേഷം പനി , മറ്റു ശാരിരിക അസ്വസ്ഥതകൾ ഉണ്ടെങ്കിൽ ടി വിവരം രക്ഷകർത്താക്കളെ അറിയിച്ചു കുട്ടിക്ക് ഉടൻ മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കാറുണ്ടോ? | | |